മാതൃഭൂമി

# ചങ്ങാതിക്കൂട്ടം സേവനപാതയിലേക്കും

കൊട്ടാരക്കര: നാളികേര കർഷകരുടെ ദുരിതമകറ്റാൻ രൂപവത്കരിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം സേവനപാതയിലേക്കും. നാളികേര വികസന ബോർഡിൽനിന്ന് തെങ്ങുകയറ്റത്തിൽ പരിശീലനം നേടിയ യുവതീയുവാക്കളുടെ കൂട്ടായ്മയാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം.

ജീവകാരുണ്യസന്നദ്ധപ്രവർത്തന മേഖലകളിലേക്കും ഇവർ ഇറങ്ങുകയാണ്. ആദ്യപടിയായി കല്ലുവാതുക്കൽ ഇളംകുളത്ത് ശ്രീരത്നത്തിൽ രത്നാകരൻ പിള്ളയുടെ കുടുംബത്തിന് ഇവർ ധനസഹായം നൽകി.

പ്രാഥമിക വിദ്യാഭ്യാസം മുതൽ ബിരുദാനന്തര ബിരുദംവരെ നേടിയവർ ചങ്ങാതിക്കൂട്ടത്തിലുണ്ട്. ഊർജ്ജസ്വലരായ തൊഴിൽസേനയിൽ അംഗങ്ങളാകാനും കൂടുതൽ സേവനപ്രവർത്തനങ്ങളിൽ ഏർപ്പെടാനുമായി 27ന് മെമ്പർഷിപ്പ് കാമ്പെയിൻ നടത്തും.

കരിക്കം ഗ്രീൻവാലി ഓഡിറ്റോറിയത്തിൽ നടത്തുന്ന പരിപാടിയിൽ പരിശീലനം നേടിയിട്ടുള്ള എല്ലാവരും പങ്കെടുക്കണമെന്ന് കോ-ഓർഡിനേറ്റർ രഘു അറിയിച്ചു. ഫോൺ: 9656714298.